"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 691/2009 നമ്പർ കേസിന്മേലുള്ള ബാലൻസ് വിധിക്കടത്തുക ബന്ധപ്പെട്ട കക്ഷികൾക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1925/2024/LSGD തീയതി, തിരുവനന്തപുരം, 15-10-2024**

---

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 12/04/2024 തീയതിയിലെ എ3/1892/2009/ട്രിഡ നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം. 1350/2024/ത.സ്വ.ഭ.വ, തീയതി 26/07/2024.
3. സ.ഉ.(സാധാ) നം. 6821/2024/ധന, തീയതി 06/09/2024.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി പട്ടം വില്ലേജിൽ 217/4, 217/3, 217/1-8 (LA Sy. No.27/95) എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ടതും ശ്രീ. മണിക്കുട്ടൻ സി, ശ്രീ. ജയകുമാർ സി, ശ്രീ. രേണുനാഥൻ പിള്ള സി എന്നിവരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.40 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 691/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 43,48,524/- രൂപ (നാൽപ്പത്തിമൂന്ന് ലക്ഷത്തി നാല്പത്തിയെട്ടായിരത്തി അഞ്ഞൂറ്റി ഇരുപത്തിനാല് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 691/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 43,48,524/- രൂപ ബന്ധപ്പെട്ട കക്ഷികൾക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 4217-60-800-93-Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 43,49,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി പട്ടം വില്ലേജിൽ 217/4, 217/3, 217/1-8 (LA Sy. No. 27/95) എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ടതും ശ്രീ. മണിക്കുട്ടൻ സി. (മേലേവിള വീട്, കൊട്ടറ, മീയണ്ണൂർ പി.ഒ., കൊല്ലം), ശ്രീ.

ജയകുമാർ സി. (മേലേവിള വീട്, കൊട്ടറ, മീയണ്ണൂർ പി.ഒ., കൊല്ലം), ശ്രീ. രേണുനാഥൻ പിള്ള സി. (മേലേവിള വീട്, കൊട്ടറ, മീയണ്ണൂർ പി.ഒ., കൊല്ലം) എന്നിവരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.40 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 691/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 43,48,524/- രൂപ (നാൽപ്പത്തിമൂന്ന് ലക്ഷത്തി നാല്പത്തിയെട്ടായിരത്തി അഞ്ഞൂറ്റി ഇരുപത്തിനാല് രൂപ മാത്രം) 4217 CAPITAL OUTLAY ON URBAN DEVELOPMENT - 60 OTHER URBAN DEVELOPMENT SCHEMES - 800 OTHER EXPENDITURE - 93 Payment of compensation in LAR Cases (Plan - Charged) എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷികളായ ശ്രീ. മണിക്കുട്ടൻ സി, ശ്രീ. ജയകുമാർ സി, ശ്രീ. രേണുനാഥൻ പിള്ള സി. എന്നിവർക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ശ്രീ. മണിക്കുട്ടൻ സി, മേലേവിള വീട്, കൊട്ടറ, മീയണ്ണൂർ പി.ഒ., കൊല്ലം (ജില്ലാ കളക്ടർ മുഖാന്തിരം).
ശ്രീ. ജയകുമാർ സി, മേലേവിള വീട്, കൊട്ടറ, മീയണ്ണൂർ പി.ഒ., കൊല്ലം((ജില്ലാ കളക്ടർ മുഖാന്തിരം.
ശ്രീ. രേണുനാഥൻ പിള്ള സി, മേലേവിള വീട്, കൊട്ടറ, മീയണ്ണൂർ പി.ഒ., കൊല്ലം, (ജില്ലാ കളക്ടർ മുഖാന്തിരം).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (No.WCD-3/161/024-Fin dated 26/09/2024).
നിയമവകുപ്പ് (OPN-D3/107/2024-LAW dated 25/06/2024).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/142 /2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 15-10-2024 15:24:41
സെക്ഷൻ ഓഫീസർ